## പൊതുഗതാഗതം ശക്തിപ്പെടുത്താൻ നടപടി

210 (4598) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇത്തരം വാഹനങ്ങളുടെ റോഡ് നികുതി സ്വകാര്യ വാഹനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാണ് ഈടാക്കിവരുന്നത്. മാത്രമല്ല വൈദ്യുതി/ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് റോഡ് നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇവയെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവയുടെ സ്ഥാനത്ത് ചെലവുകുറഞ്ഞതും, മലിനീകരണം കുറവായതുമായ CNG, LNG, Electricity എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്ന അവസരത്തിൽ പൊതുഗതാഗതത്തിനുള്ള ഇന്ധന ചെലവ് ഗണ്യമായി കുറയ്ക്കുവാൻ കഴിയും. ഇലക്ട്രിക് ഓട്ടോറിക്ഷകൾ വ്യാപകമാക്കുന്നതിനായി അവയുടെ നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തേക്ക് പൂർണ്ണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്. കോവിഡ്-19 കാലഘട്ടത്തിലെ പ്രതിസന്ധി കണക്കിലെടുത്ത് സ്വകാര്യ ഉടമസ്ഥതയിലുള്ള സ്റ്റേജ് കാര്യേജുകൾ, കോൺട്രാക്ട് കാര്യേജുകൾ എന്നിവയ്ക്ക് അവയുടെ നികുതി ഒടുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുനൽകുകയോ ചില കാലയളവിലെ നികുതി പൂർണ്ണമായി ഒഴിവാക്കുകയോ ചെയ്തിട്ടുണ്ട്. കോവിഡ്-19 വ്യാപനനിയന്ത്രണങ്ങളുടെ ഭാഗമായി ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതിനാൽ പൊതുഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തതമൂലം സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ നിയന്ത്രണങ്ങളിൽ ഇളവ് ഏർപ്പെടുത്തുന്ന മുറയ്ക്ക് പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ജനങ്ങൾ തിരികെവരാനുള്ള സാദ്ധ്യതയുണ്ട്. കോവിഡ് രോഗവ്യാപനത്തെ തുടർന്നുള്ള നിയന്ത്രണങ്ങൾമൂലം നിലവിൽ യാത്രക്കാർ കുറഞ്ഞിരിക്കയാണ്. ആയതിനാൽ വരുമാനം കുറവുള്ള കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ട്രിപ്പ് പരിമിതപ്പെടുത്തി യാത്രക്കാർ കൂടുതലുള്ള പീക്ക് സമയങ്ങളിൽ സർവ്വീസ് പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ കെ.എസ്.ആർ.ടി.സി.

LIBRARY ARCHIVES Kerala Legislative Assembly

സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSIT-നെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുപൂർണ്ണമായും നടപ്പിലാക്കി കഴിയുമ്പോൾ ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി.-യിൽ പുരോഗമിച്ചു വരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോവെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. തിരുവനന്തപുരം നഗരപരിധിയിൽ അന്യദേശയാത്രക്കാർക്കുപോലും എളുപ്പത്തിൽ തിരിച്ചറിയത്തക്കവിധം സെമി ലോഫ്ലോർ ബസ്സുകൾ ഉപയോഗിച്ച് സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിന് മുന്നോടിയായി 96 ബസ്സുകളിൽ ഏകീകൃത നിറം നൽകി സീറ്റുകൾ പുനഃക്രമീകരിക്കുകയും, ബസ്സിനുള്ളിൽ യാത്രക്കാരുടെ നീക്കം സുഗമമാക്കുകയും ചെയ്ത് റൂട്ടുകൾ വേഗം തിരിച്ചറിയുന്ന വിധം ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതുമായ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യവിപണനത്തിന് സഹായകരമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ സൗകര്യങ്ങളോടുകൂടിയ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതിന് 3 സെമി ലോഫ്ലോർ ബസ്സുകൾ രൂപം മാറ്റിവരുന്നു. പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) പൊതുഗതാഗതം ശക്തിപ്പെടുത്താൻ ആവശ്യമായ സഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽനിന്നും താഴെ പറയുന്ന സഹായം അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതലഗതാഗത വകുപ്പുമന്ത്രിക്ക് കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്.

1. സി.എൻ.ജി. ബസ്സുകളുടെ GST ഒഴിവാക്കുക.
2. NHAI ടോൾ പ്ലാസകളിലുള്ള ടോൾ ഒഴിവാക്കി നൽകുക.
3. ഡീസലിന്റെ എക്സൈസ് ഡ്യൂട്ടി കുറയ്ക്കുക
4. സംസ്ഥാനത്ത് ആവശ്യത്തിന് എൽ.എൻ.ജി. - സി.എൻ.ജി., ഫ്യൂവൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്.
5. സി.എൻ.ജി./എൽ.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിന്.
6. ഇലക്ട്രിക് ബസ് വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിന്.

**ബൈക്കുകളുടെ മത്സരയോട്ടം**

211 (4599) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് യുവാക്കൾ അത്യാധുനിക ബൈക്കുകൾ ഉപയോഗിച്ച് മത്സരയോട്ടം നടത്തുന്നതുകാരണം അപകടമരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനായി എഫ്.എം., ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി-ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയവ

LIBRARY ARCHIVES Kerala Legislative Assembly